# ലോദേബാരിൽ നിന്നും കൊട്ടാരത്തിലേക്ക്

ശൗലിനു പകരം യിസ്രയേലിലെ രാജസ്ഥാനത്തേക്ക് ദൈവം കണ്ടെത്തിയവ നാണ് ബേത്‌ലഹേമിലെ യിശ്ശായിയുടെ ഇളയ മകനായ ദാവീദ് തന്റെ അഭ്യസനം ദൈവീക പദ്ധതി എന്ന് മനസ്സിലാക്കിയ ദാവീദ് ദൈവത്തിന്റെ സമയത്തിനായ് ക്ഷമ യോടെ കാത്തിരുന്നു. ദൈവീക നിർദ്ദേശം ചോദിച്ച് അതനുസരിച്ചു മാത്രം പ്രവർത്തിച്ച ദാവീദിന് ചെന്നടത്തൊക്കേയും യഹോവ ജയം നൽകി ശൗനിന്റെയും നിർദ്ദേശ പ്രകാരം നേരത്തെ അഭിഷേകം ചെയ്യപ്പെട്ട ദാവീദ് രാജവായിത്തീർന്നു യിസ്രയേൽ രാജാവായ ദാവീദ് സകല ജനത്തിനും നീതിയും ന്യായവും നടത്തികൊടുത്തു.

രാജാവായിത്തീർന്നശേഷം ദാവീദ് ആദ്യമായ് ചെയ്തത് താൻ ആരുമല്ലാത്തരു കാലയളവിൽ രാജാവായ ശൗലിന്റെ മകനും തന്റെ സുഹൃത്തുമായ യോനാഥനോട് ചെയ്ത ഉടമ്പടിയുടെ നടത്തിപ്പായിരുന്നു ( 1 ശമുവേൽ 20:14-18) ജീവിതനിലവാരം ഉയരുമ്പോൾ പലരും പഴയബന്ധങ്ങൾ ബന്ധനങ്ങളായി കരുതി ഉപേക്ഷിക്കും. നാം ദാതാവിനെ മറക്കുന്നവരണോ ? ശൗലിന്റെ ഗൃഹത്തിലെ കാര്യവിചാരകനായ് സീബ യിൽ നിന്നുമാണ് യോനാഥന്റെ മകനായ മെവിബോശെത്തിനെ പറ്റി അറിയുന്നത്. മെഫിബോശെത്ത് എന്ന പേരിന്റെ അർത്ഥം ലജ്ജയെ നശിപ്പിക്കുന്നവൻ എന്നത്രെ സ്വയം ലജ്ജയില്ലാത്തവൻ മറ്റുള്ളവർക്കും ദേഷം ചെയ്യുന്നു. നാം നമ്മുടെ തലമുറയ്ക്ക് മാനം നൽക്കുന്നവരോ അതോ അപമാനം നേടികൊടുക്കുന്നവരോ ? ചിന്തിക്കുക.

മെഫിബോശെത്ത് രണ്ടുകാലിനും മുടന്തുള്ള ഒരു ബലഹീനനാണ്. ആരെല്ലാ മാണ് അവന്റെ ഈ ബലഹീനതയ്ക്ക് കാരണക്കാർ എന്ന് അവന്റെ വലിയപ്പനായ ശൗൽ തന്നെയാണ്. യഹോവയോട് കാണിച്ച അനുസരണക്കേട് അവന്റെ ശിഷയ്ക്ക് കാരണമായി പുറ 34:7-ൽ വചനം പറയുന്നു കുറ്റമുള്ളവനെ വെറുതെ വിടാതെ പിതാ ക്കന്മാരുടെയും അകൃത്യം മുന്നാമത്തേയും, നാലാമത്തെയും തലമുറവരെ സന്ദർശി ക്കുന്നവനാണ് യഹോവ എന്നാൽ അതേ സമയം അവൻ കരുണയും ദീർഘലക്ഷ മയും മഹാദയയിമുള്ള ദൈവവുമാണ് (പുറ 34:6)

ശൗനിന്റെയും യോനാഥന്റെയും ദയനീയ അന്ത്യം കേട്ട് കുഞ്ഞിനേയും കൊണ്ട് ഭയപ്പെട്ട് ഓടിയ ധാത്രിയുടെ കയ്യിൽ നിന്ന് അവൻ താഴെവീണു (2 ശമുവേൽ 4:4) അങ്ങനെ അവന്റേതല്ലാത്ത കാരണത്താൽ അവൻ മുടന്തനായി ഇന്ന് പല കുഞ്ഞു ങ്ങളും ആത്മീയ മുടന്തരാണ് അതിനു കാരണം മാതാപിതാക്കളുടെ പാപം മൂലമുള്ള ശാപത്താലത്രെ. യോനാഥൻ നിമിത്തമാണ് ദാവീദിന് ഈ നല്ല മനസ്സുണ്ടായത്. അല്ലാ യിരുന്നു. അതുപോലെ യോവ നമ്മുടെ പാപങ്ങൾക്ക് ഒത്തവണ്ണം പകരം ചെയ്യുന്നതു മില്ല ദൈവം തന്റെ പുത്രനെ ലോകത്തിലേക്കയച്ചത് ലോകം അവനാൽ രക്ഷിക്കപ്പെടു വാനത്രെ.

സീബ, രാജാവിന്റെ നിർദ്ദേശമനുസരിച്ച് വിിക്കുവാൻ ചെല്ലുമ്പോൾ അവൻ ലോദേബാരിലാണ്. അതായത് ഉല്ലാസമായി അധികാരം, ഔന്നിത്യം എല്ലാം അവിടെ യുണ്ട് പക്ഷേ മേച്ചിൽ ഇല്ല ആടുകളെ നമുക്ക് നമ്മുടെ നല്ല ഇടയൻ മുട്ടുവരുത്താതെ പച്ചയായ പുല്പ്പുറം കരുതുന്നു കൂടാതെ സ്വച്ഛതയുള്ള വെള്ളത്തിനരികത്തേക്ക് നട ത്തുകയും ചെയ്യുന്നു. വിശപ്പും ദാഹവും ക്ഷീണവും മാറി നാം പുതു ശക്തി പ്രാപി

ക്കുന്നു. എന്നിട്ടും നാം നേട്ടങ്ങൾ കാണിച്ച് നേട്ടം തെറ്റിക്കുന്ന ലോദേബാരിൽ സമാധാനമില്ലാത്തവരായി കഴിയുകയല്ലേ ലോദേബാരിൽ ചത്തനായയെപ്പോലെ കഴിയുന്ന മെഫിബോശെത്തിനെ കൊട്ടാരത്തിലേക്ക് രാജാവ് മാറ്റുന്നു. ഇതുപോലെ നമ്മെയും രാജാധിരാജാവ് രക്ഷിപ്പാൻ ആഗ്രഹിക്കുന്നു. ഇന്ന് അവന്റെ വിളികേട്ട് എഴുന്നേൽക്കുക, കൊട്ടാരത്തിലേക്ക് പോകാം.

കൊട്ടാരത്തിലെത്തിയ ബലഹീനൻ താണു വീണു. ആവശ്യബോധമാണ് അവനെകൊണ്ട് അത് ചെയ്യിച്ചത് ഭയപ്പെടേണ്ട എന്ന വാക്ക് അവന്റെ ഭയം മാറ്റി നമ്മോടും പലപ്രാവശ്യം വചനത്തിലൂടെ ഭയപ്പെടേണ്ട എന്ന വാക്ക് അവന്റെ ഭയം മാറ്റി നമ്മോടും പലപ്രാവശ്യം വചനത്തിലൂടെ ഭയപ്പെടേണ്ട എന്ന് രാജാവ് പറയുന്നു അവന്റെ താഴ്മയുടെ മനോഭാവം ഏറ്റു പറച്ചിൽ ഇവ രാജാവിൽ നിന്ന് ആശ്വാസ വാക്ക്കേൾക്കുവാൻ കാരണമായി.

കൊട്ടാരത്തിലെത്തിവന് ലഭിച്ച നന്മകൾ

1) ഒരു അവകാശം- പിതാവിന്റെ അവകാശം ചെറുമകന് ലഭിക്കേണ്ടതാണ്. അത് മെഫിബൊശേത്തിന് ലഭിക്കുവാൻ ഒരുക്കം ചെയ്തു.ഇതുപോലെ നാമും ദൈവമക്കളാണെങ്കിൽ അവകാശികളും അത്രെ.

2. പുത്രത്വം - ആരാണ് ദൈവമക്കൾ ? ദൈവാത്മാവ് നടത്തുന്നവരായി നാം രാജാവിന്റെ മുൻപിലെത്തിയാൽ പുത്രത്വത്തിന്റെ അവകാശവും നമുക്ക് ലഭിക്കുന്നു. രാജകുമാരന്മാരിൽ . ഒരുപോലെ കൊട്ടാരത്തിൽ എത്തിയ മെഫിബൊശേത്തിനെ കരുതുവാൻ നിർദേശം നൽകി .

3. സ്ഥാനം :- പുത്രത്വം ലഭിക്കുന്നവന്, അവനോടൊപ്പം പന്തിയിലിരിക്കുവാൻ ഭാഗ്യം ലഭിക്കുന്നു. ശത്രുക്കൾ മുമ്പാകെ മേശ ഒരുക്കുന്ന ദൈവം ഈ മേശയിങ്കൽ എത്തുന്നവന്റെ ന്യൂനതകൾ നിന്നീട് കാണുന്നില്ല. നിത്യം മേശയിങ്കൽ നിന്നു തന്നെ നമുക്ക് കഴിക്കുവാൻ രാജാവ് അനുവദിക്കും, നാം ഒരുക്കമോ?

4. പ്രത്യേക കരുതൽ :- ലോദേബാരുവിട്ട് കൊട്ടാരത്തിലെത്തിയവന് പ്രത്യേക കരുതൽ രാജാവ് നൽകുന്നു. പഴയമനുഷ്യനെ ഉരിഞ്ഞു കളഞ്ഞ് പുതിയതുനെ സ്വീകരിച്ച് കൊട്ടാരത്തിലെത്തിയാൽ ആ കരുതൽ നമുക്കും ലഭ്യമത്രെ സ്വന്ത പുത്രനെ ആദരിക്കാതെ നമുക്ക് എല്ലാവർക്കും വേണ്ടി ഏൽപിച്ചു തന്നവൻ അവനോടുകൂടെ സകലവും നമുക്കു നൽകി തരാരിക്കുമോ ?

അതിനാൽ സഹോദരങ്ങളെ ബലഹീനതയെ താഴ്മയോട് ഏറ്റുപറഞ്ഞ് അനുഗ്രഹം പ്രാപിക്ക. രാജാധിരാജാവ് നിന്നെ കാത്തിരിക്കുന്നു.



*Sis. Shanthamma Varghese*

**ശാന്തമ്മ വർഗീസ്**